ഇനിയൊരിക്കലും
ഒരു ഋതു പിറക്കില്ലിതുപോലെ
നാം പരസ്പരം
തൊട്ടമാത്രയിൽ
പൂത്തുലഞ്ഞ പ്രപഞ്ചമെന്നപോൽ



**പ്രേമനഗരം**
**ബിനീഷ് പുതുപ്പണം**

പ്രേമവും രതിയും ദർശനവും ആത്മബോധവുമെല്ലാം ഇഴ ചേർന്ന നോവലാണ് പ്രേമനഗരം. നീലുവും മാധവും തമ്മിലുള്ള അനശ്വര പ്രേമകഥയിലൂടെ നിരുപാധിക സ്നേഹത്തിന്റെ പൊരുൾ തേടുന്നു. ഒപ്പം സ്ത്രീ പുരുഷ ബന്ധത്തിന്റെ ആഴവും പരപ്പും ആവോളം ആവിഷ്കരിക്കുന്നു. ഒരു ഭാഗത്ത് പുരോഗമനവും മറു ഭാഗത്ത് കനത്ത അന്ധവിശ്വാസവും തമ്മിൽ കെട്ടുപിണഞ്ഞു കിടക്കുന്ന കേരളത്തിന്റെ ദ്വന്ദ്വമുഖത്തെ നോവൽ വെളിപ്പെടുത്തുന്നുണ്ട്. വായനാരസത്തിന്റെ മുകുളങ്ങളാൽ ഒറ്റയിരിപ്പിൽ വായിക്കാവുന്ന മനോഹര പുസ്തകം.

UPMARKET fiction
www.dcbooks.com
നോവൽ
കവർ ഡിസൈൻ
വിശാഖ് രാജ്
ISBN 978-93-5482-187-5
9 789354 821875 00031
₹ 199
E-book Available

ബിനീഷ് പുതുപ്പണം • പ്രേമനഗരം

31-ാം പതിപ്പ്

# പ്രേമ നഗരം

## ബിനീഷ് പുതുപ്പണം



2571

# പ്രേമനഗരം

## കെ എൽ എഫ്, കേരളസംസ്കാരം

1957-ൽ കോട്ടയത്ത് അഞ്ചുദിവസം നീണ്ടുനിന്ന സാഹിത്യ പരിഷത്ത് സമ്മേളനമാണ് കേരളത്തിലെ ആദ്യത്തെ സാഹിത്യോത്സവം. സ്വകാര്യ സാഹിത്യകൂട്ടായ്മകൾ മാത്രമാണ് അതുവരെ പരിചിതമായ മാതൃക. സാഹിത്യപരിഷത്ത് സമ്മേളനം അന്നുവരെ കേരളം കണ്ടതിൽവെച്ച് ഏറ്റവും വലിയ സാംസ്കാരികോത്സവമായിരുന്നു. ആധുനികകേരളത്തിന്റെ സാംസ്കാരിക വളർച്ചയുടെ അടിത്തറ ഈ സമ്മേളനമാണ്.

സമ്പൂർണ്ണ സാക്ഷരത, സാംസ്കാരികവകുപ്പ്, പുസ്തകങ്ങളുടെ വില്പനനികുതി ഒഴിവാക്കൽ, പേപ്പർബാക്ക് വിപ്ലവം എന്നീ ആശയങ്ങളുടെ ആവിഷ്കർത്താവായ ഡി സി കിഴക്കെമുറിയായിരുന്നു സമ്മേളനത്തിന്റെ മുഖ്യസംഘാടകൻ. അദ്ദേഹത്തിന്റെ ദർശനങ്ങളുടെ വിശ്വോത്തര ആവിഷ്കാരമാണ് ഡി സി ബുക്സ് 2016-ൽ കോഴിക്കോട് ബീച്ചിൽ ആരംഭിച്ച, ഏഷ്യയിലെ ഏറ്റവും വലിയ സാഹിത്യോത്സവമായ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (കെ എൽ എഫ്). സാഹിത്യം, കല, ശാസ്ത്രം, ചരിത്രം തുടങ്ങി എല്ലാ മേഖലകളിലുമുള്ള തുറന്ന സംവാദമാണ് കെ എൽ എഫിന്റെ മുഖമുദ്ര. വായനസംസ്കാരത്തിന് ഊർജ്ജം പകർന്ന്, കേരളത്തിന്റെ എല്ലായിടങ്ങളിലും നടക്കുന്ന സാഹിത്യോത്സവങ്ങൾക്ക് മാതൃകയായ കെ എൽ എഫ് എല്ലാവർഷവും ജനുവരി മാസത്തിലാണ് നടക്കുന്നത്.

www.keralalitfest.com

ആഴത്തിലറിയാം ഏറ്റവും പുതിയ സാഹിത്യവർത്തമാനങ്ങൾ... dcink.in

**ബിനീഷ് പുതുപ്പണം**

കോഴിക്കോട് ജില്ലയിലെ വടകര പുതുപ്പണം സ്വദേശി. കാലിക്കറ്റ് സർവകലാശാലയിൽനിന്ന് ബി.എഡ്ഡും കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽനിന്ന് എം.ഫിൽ. ബിരുദവും ഡോക്ടറേറ്റും. വിവിധ മേഖലകളിലായി പതിനേഴ് പുസ്തകങ്ങൾ രചിച്ചു. സിനിമകൾക്ക് സംഭാഷണവും ഗാനരചനയും നിർവഹിച്ചിട്ടുണ്ട്. ഇപ്പോൾ നിലമേൽ എൻ.എസ്.എസ്. കോളേജിൽ അസിസ്റ്റന്റ് പ്രൊഫസർ.

ബിനീഷ് പുതുപ്പണത്തിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*കവിത:* കൈതക്കാട്ടിലെ കവിത.
*വ്യാഖ്യാനം:* ഭജഗോവിന്ദം.
*നോവൽ:* പ്രേമനഗരം, മധുരവേട്ട, സുന്ദരജീവിതം
*ഏകോപനം:* ഏറ്റവും വലിയ മോഹത്തെക്കാൾ വലിയ ഒരിഷ്ടത്തിന്.
*പഠനം:* ഗുരുവിന്റെ സ്ത്രീഭാവനകൾ

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച
നോവലുകൾക്കായി ക്യു ആർ
കോഡ് സ്കാൻ ചെയ്യൂ.

# പ്രേമനഗരം

## ബിനീഷ് പുതുപ്പണം

UPMARKET
fiction

**Deecee Upmarket Fiction**
*An Imprint of* **D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
Premanagaram

LITERATURE/ NOVEL
*by* Bineesh Puthuppanam

Right Reserved

First Published November 2021
This edition–Auguat 2025

P-ISBN: 978-93-5482-187-5
E-ISBN: 978-93-5482-195-0

Distributors : D C Books-Current Books, INDIA
Printed in India: D C Press, Kottayam, INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Bineesh Puthuppanam
Premanagaram/Bineesh Puthuppanam
152 p., 21 cm.
ISBN 978-93-5482-187-5.
1. Malayalam novel. I. Title.,
894.812 3-dc 22.

*This is a work of fiction. The names, characters, places, incidents are all subject to author's imagination and used fictitiously. Any resemblance to actual events, places or persons, living or dead is purely coincidental.*

*This book is produced from independently certified FSC® paper to ensure responsible forest management.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

916/25-26-Sl.No. 28905-dcb 7901-(31)-2000-3982-08-25-hn 60-T4-e rr-d(t)ga

# ആമുഖം

സ്നേഹത്തിന്റെ പൊരുളെന്താണെന്ന് പലപ്പോഴും ആലോചിച്ചിട്ടുണ്ട്. സ്നേഹിച്ച് ജീവിച്ചവർ പെട്ടെന്നൊരു നിമിഷത്തിൽ ശത്രുക്കളായിത്തീരുകയും കടുത്ത വെറുപ്പുമായി നീറി നീറിക്കഴിയുകയും ചെയ്യുന്നു. കനത്ത ശത്രുതയുമായി ജീവിച്ചവരാകട്ടെ പൊടുന്നനെ സ്നേഹത്തിൽ പൊതിഞ്ഞ കാലങ്ങളിലേക്ക് കടക്കുന്നു. ഇങ്ങനെ സ്നേഹിച്ച് സ്നേഹിച്ച് വെറുത്തുപോകുകയും വെറുത്ത് വെറുത്ത് സ്നേഹിച്ചു പോകുകയും ചെയ്യുന്ന, മുൻകൂട്ടി നിർവചിക്കാനാവാത്ത എന്തോ ഒന്ന് സ്നേഹമെന്ന പദത്തിൽ ഉൾച്ചേർന്നിരിക്കുന്നു. പ്രേമം, വാത്സല്യം എന്നെല്ലാം പലമട്ടിൽ അതിനെ വിളിച്ചുപോരുന്നു.

'നിരുപാധികം' എന്ന വാക്ക് എഴുതാൻ എത്ര എളുപ്പമാണ്. പക്ഷേ, അത് അനുഭവത്തിൽ ചേർക്കുക എന്നത് എത്ര പ്രയാസം. യഥാർത്ഥത്തിൽ തപമുനിമാർപോലും പരാജയപ്പെട്ട വഴിയാണല്ലോ നിരുപാധികതയുടേത്. അങ്ങനെയെങ്കിൽ ഉപാധികളില്ലാത്ത സ്നേഹമുണ്ടോ?

ഉണ്ട്.

ഒരാൾതന്നെ മറ്റൊരാളായിത്തീരുന്ന, അതുതന്നെ ലോകമായിത്തീരുന്ന, രതി മറികടന്ന, ധ്യതി അസ്തമിച്ച സ്നേഹം. പരസ്പരം ജീവവൈദ്യുതി കടത്തി നിരന്തരം പ്രകാശിപ്പിക്കുന്ന തേജോരവം. അതിന്റെ അന്വേഷണമാണ് 'പ്രേമനഗരം'.

എട്ടുവർഷം മുന്നേ നോവലെഴുതുക എന്ന ആഗ്രഹം മനസ്സിലുദിക്കുകയും എഴുതി പൂർത്തിയാക്കിയ അത് കോട്ടയം പാപ്പിറസ് പബ്ലിക്കേഷൻ പ്രസിദ്ധീകരിക്കാൻ തയ്യാറാവുകയും ചെയ്തത് ഓർക്കുന്നു. എന്നാൽ നോവൽ പുറത്തിറക്കാനുള്ള എഴുത്തു പക്വത കൈവന്നിട്ടില്ല എന്ന് സ്വയം തോന്നുകയും അത് തിരിച്ചു വാങ്ങുകയും ചെയ്യുകയായിരുന്നു. ഇപ്പോഴും പഴയൊരു ബാഗിൽ ആ എഴുത്തുകൾ പൊടിപിടിച്ച് കിടപ്പുണ്ട്. പിന്നീട് വിദ്യാർത്ഥി പബ്ലിക്കേഷനുവേണ്ടി മറ്റൊന്ന് എഴുതി. രാഷ്ട്രീയത്തിന്റെ അതിപ്രസരമുണ്ട് എന്ന സുഹൃത്തുക്കളുടെ ഉപദേശത്തെ തുടർന്ന് അതും മാറ്റിവെച്ചു. പിന്നീട് നോവൽരചന എന്ന ആഗ്രഹത്തെ വിട്ടു. വർഷങ്ങൾക്കുശേഷം നിലമേൽ എൻ.എസ്.എസ്.കോളേ

ജിൽ അധ്യാപകനായി എത്തുകയും കോളേജിന് തൊട്ടടുത്ത് രണ്ടു മുറികളും ഒരു അടുക്കളയുമുള്ള ഇടത്തിൽ ഏകാന്ത വാസിയായി കഴിയുകയും ചെയ്യുന്നതിനിടയിലാണ് വീണ്ടും നോവലെഴുത്ത് പിടികൂടുന്നത്. കോളേജ് വിട്ട് അഞ്ചുമണിക്കുള്ളിൽ മുറിയിലെത്തും. പിറ്റേദിവസം വെളുക്കുംവരെ സമയം ദീർഘമായങ്ങനെ പരന്നുകിടക്കും. അലക്കിയും കുളിച്ചും ആഹാരം പാകം ചെയ്തും വായിച്ചുമെല്ലാം സമയത്തെ ഓടിച്ചാലും വീണ്ടും നേരം ബാക്കി. മിച്ചംവന്ന ആ നേരങ്ങളാണ് 'പ്രേമനഗര'ത്തിലേക്ക് നയിച്ചത്.

പുതുപ്പണത്തെ വികൂറി ട്യൂട്ടോറിയലാണ് എന്റെ ജീവിതത്തിന്റെ സർവകലാശാല. തമ്മിൽ സ്നേഹിച്ചും കലഹിച്ചും ഞങ്ങൾ ജീവിച്ചു. ആ നേരങ്ങളൊന്നും അസ്തമിക്കില്ല. കൂട്ടത്തിൽനിന്നും പൊടുന്നനെ കവി ജിനേഷ് മടപ്പള്ളിയും രജിത്ത് പുതിയാപ്പും അകാലത്തിൽ വിട്ടുപോയി. അവരുടെ വേർപാട് തന്ന ദുഃഖം ചെറുതല്ല. ഈ പുസ്തകമിറങ്ങുമ്പോൾ തമാശപ്പൊതികളഴിക്കാൻ അവരും വേണമായിരുന്നു. കടത്തനാട് 'അങ്കം കളരി'യിലെ പുലർകാലങ്ങളും സംസ്കൃത സർവകലാശാലയിലെ വർഷങ്ങളും ഏറെ എഴുത്തുകൾ തന്നിട്ടുണ്ട്. ആ ദിനങ്ങളെ കൂടെക്കൂട്ടുന്നു. നോവലിന്റെ പ്രസിദ്ധീകരണമേറ്റെടുത്ത ഡി സി ബുക്സിന് നന്ദി.

സ്നേഹത്തിന്റെ ഈ ചെറു നഗരത്തിലേക്ക് പ്രിയ വായനക്കാരും ഒപ്പം വരുമല്ലോ.

# പ്രേമനഗരം